പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 917 07.02.2013 ൽ മറുപടിയ്ക്ക്

ഇടുക്കിയിലെ ജലദൗർലഭ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| (എ) ഇടുക്കി കടുത്ത വരൾച്ചയിലേയ്ക്ക് നീങ്ങുമ്പോഴും പാമ്പാർ നദിയിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ടുന്ന 3 TMcft ജലം നേടിയെടുക്കാൻ പദ്ധതി നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ വില്ലേജുകൾ ഉൾപ്പെടുന്ന മഴനിഴൽ പ്രദേശത്തെ ശുദ്ധജലവിതരണത്തിനും കാർഷികാവശ്യത്തിനും ജലസേചനത്തിനും പാമ്പാറിലെ ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | കാവേരി നദീജല തർക്ക ട്രൈബ്യൂണൽ വിധിയനുസ്സരിച്ച് പാമ്പാർ നദീതടത്തിൽ നിന്നും 3 TMcft ജലം ഉപയോഗിക്കുവാനുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്. ഈ ജലം ഉപയോഗിക്കുന്നതിനായി ചെങ്കലാർ നദീതട പദ്ധതിയിൽപ്പെടുത്തി കാന്തല്ലൂർ, പാട്ടിശ്ശേരി എന്നീ പദ്ധതികളും വട്ടവട നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റമരം പദ്ധതിയും, തലയാർ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി അപ്പർ ചട്ട മൂന്നാർ, ലോവർ ചട്ട മൂന്നാർ & തലയാർ എന്നീ പദ്ധതികളും ഏറ്റെടുത്തു നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അതിൻപ്രകാരം, പാട്ടിശ്ശേരി ഡാമിന്റെ പുനരുദ്ധാരണവും അതിന്റെ കനാൽ പണികൾക്കുമായി 26 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (സി) കാവേരി ട്രൈബ്യൂണൽ വിധി പ്രകാരമുള്ള വെള്ളം കേരളത്തിന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പാമ്പാർ നദീതട പദ്ധതികളുടെ അവലോകനത്തിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രി 30-01-13-ൽ വിളിച്ചുചേർത്ത യോഗത്തിൽ പാമ്പാർ നദീതട പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ 2013 ഏപ്രിൽ 30-നകം തയ്യാറാക്കി സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുവാനുള്ള നടപടികൾ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ